ഇതുസംബന്ധിച്ച് പോലീസ് ഫലപ്രദമായ നടപടി എടുത്തിരുന്നു എങ്കിൽ ഈ രണ്ടാമത്തെ സംഭവം ആവർത്തിക്കുമായിരുന്നില്ല. രണ്ടാം തീയതിയുണ്ടായ സംഭവത്തിൽ കേസ് എടുക്കാത്തതിന്റെ പേരിൽ, ആ കാര്യത്തിൽ വീഴ്ച വരുത്തിയ സി.ഐ. യേയും, എസ്.ഐ. യേയും സസ്പെന്റ് ചെയ്തുകഴിഞ്ഞു. അന്ന് ഫലപ്രദമായ നടപടി എടുത്തിരുന്നു എങ്കിൽ രണ്ടാമത്തെ സംഭവം ഉണ്ടാകുമായിരുന്നില്ല. അങ്ങ് ഇവിടെ പറഞ്ഞത് രണ്ടാമത്തെ കാര്യമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: Non-bailable warrant ഉള്ള കക്ഷിയെ അറസ്റ്റ് ചെയ്യാത്ത ആളുകൾ ആരാണെന്ന് അങ്ങേക്ക് അന്വേഷിക്കാമല്ലോ ?

ശ്രീ. ഉമ്മൻചാണ്ടി: ഞാൻ പറഞ്ഞല്ലോ അനി എന്നുപറഞ്ഞ ആളെ കൊട്ടാരക്കരയുള്ള ഒരു നേതാവ് സ്റ്റേഷനിൽ ഹാജരാക്കാമെന്ന് എസ്.ഐ. യോട് പറഞ്ഞു. പക്ഷെ അതു വേണ്ട എന്നുപറഞ്ഞു. ഏതു പ്രതിയാണെങ്കിലും ആ പ്രതിയെ പോലീസ് അറസ്റ്റ് ചെയ്യും. അറസ്റ്റ് വാറണ്ട് ഉണ്ടെങ്കിലും ഇല്ലെങ്കിലും കേസിൽ പ്രതിയാണെങ്കിൽ നടപടിയെടുക്കും. ഈ നേതാവ് പറഞ്ഞിട്ടും വേണ്ട എന്നുപറഞ്ഞത് പോലീസിന് ആ പ്രതിയെ അറസ്റ്റ് ചെയ്യാം എന്ന് ആത്മവിശ്വാസം ഉള്ളതുകൊണ്ടു തന്നെയാണ്. ഈ ആദ്യത്തെ സംഭവത്തിൽ പോലീസിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ട്. രണ്ടാമത്തെ സംഭവത്തിൽ ഫലപ്രദമായി നടപടി എടുത്തിട്ടുണ്ട്. ഡി.ഐ.ജി. തന്നെ സ്ഥലത്തുചെന്നു, ഉന്നത ഉദ്യോഗസ്ഥൻമാർ സ്ഥലത്തു ചെന്നു. വേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. ആദ്യത്തെ സംഭവത്തിൽ വീഴ്ച വരുത്തിയതിന് സി.ഐ. യെയും, എസ്.ഐ. യെയും സസ്പെന്റ് ചെയ്തിട്ടുണ്ട്. അങ്ങ് പറഞ്ഞു മൂന്നര കൊല്ലമായിട്ടിരിക്കുന്നു എന്ന്. ഞാൻ ഈ സ്ഥാനത്തു വന്നിട്ട് ആറു മാസമേ ആയിട്ടുള്ളൂ. ഈ മൂന്നു കൊല്ലവും അങ്ങ് മന്ത്രിയായിരുന്ന സമയത്ത് ഇവർ ഉദ്യോഗസ്ഥൻമാരായിരുന്നു. എനിക്ക് എന്തു ചെയ്യാൻ പറ്റും, ഞാൻ വന്നിട്ട് ആറുമാസമല്ലേ ആയിട്ടുള്ളൂ? ഞാൻ വ്യാപകമായ ഒരു ട്രാൻസ്ഫറും ചെയ്തിട്ടില്ല. ഞാൻ വ്യാപകമായിട്ട് ആളുകളെ മാറ്റിയിട്ടില്ല. അങ്ങ് എന്റടുത്തു വന്ന് പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു ഏപ്രിൽ മാസത്തിൽ നിശ്ചയമായിട്ടും ചെയ്തിരിക്കും എന്ന്. ഈ കേസുമായി ബന്ധപ്പെട്ട് ആ ഉദ്യോഗസ്ഥന് സസ്പെൻഷനായിട്ടുണ്ട്.

(2) തൊടുപുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ തിരുവാഭരണ മോഷണം

ശ്രീ. പി.ടി. തോമസ്: സർ, നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള തൊടുപുഴ ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിലെ തിരുവാഭരണം കുറച്ച് നാൾ മുമ്പ് മോഷണം പോകുകയുണ്ടായി. അത് കണ്ടുപിടിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ക്ഷേത്രങ്ങൾ കുത്തിത്തുറന്ന് തിരുവാഭരണങ്ങൾ മോഷ്ടിക്കുക പതിവാക്കിയിട്ടുള്ള കള്ളൻമാർ നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി ഉണ്ടെന്നാണ് മനസ്സിലാക്കുന്നത്. അവിടത്തെ ഭക്തജനങ്ങൾ വളരെയേറെ ദുഃഖത്തിലാണ്. തിരുവാഭരണം തിരിച്ചുകിട്ടുന്നതിനു വേണ്ടിയുള്ള അന്വേഷണം ശക്തിപ്പെടുത്തണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് ലോക്കൽ പോലീസ് ആദ്യം അന്വേഷിച്ചു, പിന്നീട് ക്രൈം ബ്രാഞ്ചിന് വിടുകയുണ്ടായി. ക്രൈം ബ്രാഞ്ചിന് വിട്ടിട്ടും തിരുവാഭരണം വീണ്ടെടുക്കുവാനോ കണ്ടെത്തുവാനോ കഴിഞ്ഞിട്ടില്ല. അവിടത്തെ പതിനായിരക്കണക്കിന് ഭക്തജനങ്ങളേയും, നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ശ്രീകൃഷ്ണ ക്ഷേത്രത്തിന്റെ ഔന്നത്യവും ഒക്കെ കണക്കിലെടുത്ത് ഈ അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി.ടി. തോമസ് പറഞ്ഞ കാര്യം, ഈ സെപ്റ്റംബർ മാസം ഏഴാം തീയതി തൊടുപുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം വക തിരുവാഭരണം മോഷണം പോയി. അക്കാര്യത്തിൽ പോലീസ് കാര്യമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതും അതുപോലെ തന്നെ ക്ഷേത്ര കമ്മിറ്റിയുടെ ആവശ്യവും പരിഗണിച്ച് ഈ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചു. ഇതിനോടകം 107 ലധികം പേരെ ക്വസ്റ്റ്യൻ ചെയ്തു. അതുപോലെ തന്നെ സംശയമുള്ള ആളുകളുടെ നീക്കങ്ങൾ എല്ലാം നിരീക്ഷിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്, പക്ഷെ ഇതുവരെ അതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങളിലേക്ക് കടന്നിട്ടില്ല. ഈ കേസ് അന്വേഷണം വളരെ ശക്തമായി മുന്നോട്ടു കൊണ്ടുപോകും എന്ന് ഉറപ്പു പറയുന്നു.

(3) നാദാപുരം ഏരിയ ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് പ്രോജക്ട്

ശ്രീ. ബിനോയ് വിശ്വം: സർ, ഇതേ വിഷയത്തിൽ ഞാൻ അവതരിപ്പിക്കുന്ന മൂന്നാമത്തെ സബ്മിഷനാണിത്. ഏറ്റവും ന്യായമാണെന്നും ഉടനെ ചെയ്യാമെന്നും എല്ലാ അവസരത്തിലും ഗവൺമെന്റ് വാക്ക് പറഞ്ഞു. നാദാപുരത്തിന്റെ വികസനം സ്തംഭിച്ചു നിൽക്കുകയാണ്. ഒരുപാട് കാരണങ്ങളാൽ ദശാബ്ദങ്ങളോളം തന്നെ വികസനം മുരടിച്ചുപോയ ഒരു നാട്ടിൽ ജനങ്ങളുടെ കൂട്ടായ മുൻകൈ, എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിൻതുണയോടുകൂടി സമാധാനം വീണ്ടെടുത്ത ആ മണ്ണിൽ ആ സമാധാനം ശാശ്വതമാകണമെങ്കിൽ ഇനി വികസനം കൂടിയെ തീരൂ. ആ വികസനത്തിനു വേണ്ടി നാദാപുരത്തെ എല്ലാ പഞ്ചായത്തുകളുടെയും മുൻകൈ തൂണേരി, കുന്നുംമൽ ബ്ലോക്കുകളുടെ ആഭിമുഖ്യത്തിൽ ഞങ്ങൾ നാദാപുരം ഏരിയ ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് പ്രോഗ്രാം എന്ന പേരിൽ "നാദം" എന്ന ചുരുക്കപ്പേരിൽ ഒരു പദ്ധതി തയ്യാറാക്കിയിട്ട് മൂന്നു കൊല്ലമായി. ഇവിടെ മുഖ്യമന്ത്രിമാർ മാറി മാറി വന്നു, മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പറഞ്ഞു, ഏറ്റവും ന്യായമായ കാര്യം തന്നെ, അടിയന്തിര പ്രാധാന്യം കൊടുത്തുകൊണ്ട് എത്രയും വേഗം ആ പ്രോജക്ട് അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യും എന്ന്. അത് കാത്തിരിക്കുകയാണ് ഞങ്ങൾ. ഒരു നാട് മുഴുവൻ കാത്തിരിക്കുകയാണ്. നിരാശയുണ്ട്, ദുഃഖമുണ്ട്, പ്രതിഷേധമുണ്ട്. നാദാപുരത്തെപ്പറ്റി നല്ല വാക്കുകൾ മാത്രം പറഞ്ഞുകൊണ്ട് ഏറ്റവും ന്യായമായ ഒരു പദ്ധതിക്കു വേണ്ടി 14 കോടി രൂപയുടെ ചെറിയ പദ്ധതി, എളിയ പദ്ധതി ആ നാടിനെ കലാപത്തിന്റെയും, സംഘർഷത്തിന്റെയും പാതയിൽ നിന്ന് ജീവിതത്തിലേക്കും പുരോഗതിയിലേക്കും നയിക്കാനുള്ള ആ പദ്ധതിക്കുവേണ്ടി ഗവൺമെന്റ് ചെയ്യേണ്ട കാര്യം ഇതുവരെയും ചെയ്യാത്തതിൽ നാദാപുരത്തെ മുഴുവൻ ജനതയ്ക്കുമുള്ള ദുഃഖം അറിയിച്ചുകൊണ്ട് എത്രയും വേഗം ആ പദ്ധതി നടപ്പിലാക്കാനുള്ള സൻമനസ്സ് ഈ വൈകിയ വേളയിലെങ്കിലും ഗവൺമെന്റ് കാണിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly